**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4651** **02-07-2024 - ൽ മറുപടിയ്ക്ക്**

**കോട്ടയ്ക്കൽ മണ്ഡലത്തിലെ ഒടുങ്ങാട്ടുകുളം നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ എടയൂർ പഞ്ചായത്തിലെ ഒടുങ്ങാട്ടുകുളം ആഴം കൂട്ടി സംരക്ഷണ ഭിത്തി നിർമ്മിച്ച് നവീകരിക്കുന്നതിനായുള്ള പ്രൊപ്പോസലും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; ആയത് സംബന്ധിച്ച് എടയൂർ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | എടയൂർ പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ റിപ്പോർട്ടിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും മൈനർ ഇറിഗേഷൻ സർക്കിൾ കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് നൽകിയിട്ടുണ്ട്. നവകേരള സദസ്സിന്റെ ഭാഗമായി ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം സന്ദർശിച്ച് Rough Cost Estimate തയ്യാറാക്കിയിട്ടുണ്ട്. ഡിപിആർ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നല്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് ചീഫ് എഞ്ചിനീയറുടെ (ഇറിഗേഷൻ) ഓഫീസിൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) | മറുപടി 'എ' പിരിവിൽ ചേർത്തിരിക്കുന്നു . |
| (സി) | പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കി കുളം നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | മറുപടി 'എ' പിരിവിൽ ചേർത്തിരിക്കുന്നു . |

സെക്ഷൻ ഓഫീസർ